## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4663** **04.02.2014-ൽ മറുപടിക്ക്**

### മുള്ളൂർക്കര-പൈങ്കുളം റെയിൽവേ ക്രോസുകളിലെ മേൽപ്പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളൂർക്കര, പൈങ്കുളം റെയിൽവേ ക്രോസുകളിലെ ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ രണ്ട് റെയിൽവേ ക്രോസുകളിലും മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാരോ, റെയിൽവേയോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) മുള്ളൂർക്കര ലവൽക്രോസ്സിന്റെ പഠനം നടത്തുവാൻ ആർ.ബി.ഡി.സി.കെ കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. പൈങ്കുളം ലവൽക്രോസ്സിൽ മേൽപ്പാല നിർമ്മാണം റെയിൽവേയുടെവർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (സി) മുള്ളൂർക്കര ലവൽക്രോസ്സിൽ മേൽപ്പാലത്തിന്റെ പഠനം നടത്താൻ ആർ.ബി.ഡി.സി.കെയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ഇ) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുവാനാവശ്യമായ തുക അനുവദിച്ച് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) മുള്ളൂർക്കര മേൽപ്പാലത്തിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Salitha
സെക്ഷൻ ഓഫീസർ